# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in & kauagmet@yahoo.co.in


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളം ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 46/2019(92),വെള്ളിയാഴ്ച — തീയ്യതി 15.11.2019

### അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 16.11.2019 | 17.11.2019 | 18.11.2019 | 19.11.2019 | 20.11.2019 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0.3 | 0.3 | 2 | 2 | 1 |
| ഉയർന്ന താപനില (°C) | 33 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 25 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 50 | 50 | 50 | 50 | 50 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 6 | 6 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 270 | 240 | 230 | 230 |
| മേഘവ്യാപ്തി (ഒക്ട) | 3 | 3 | 5 | 6 | 4 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. | | | | | |

### കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ:** വിളകളെ രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന്, മുൻകരുതലായി ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. | | |
| നെല്ല് (മുണ്ടകൻ) ഞാറു പരുവം | കുഴൽപ്പുഴു | മഴക്കാലത്ത് നെൽപ്പാടങ്ങളിൽ കുഴൽപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. വെള്ളം വാർത്തു കളഞ്ഞ് ഒരു ഏക്കറിന് 25 കി.ഗ്രാം അറക്കപ്പൊടിയിലോ ഉമിയിലോ/ഒരു ലിറ്റർ മണ്ണെണ്ണ ചേർത്ത് പാടത്ത് വിതറുക. |
| | ഗാളീച്ച | മഴക്കാലത്ത് നെല്ലിൽ ഗാളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിന് മുൻകരുതലായി ഞാറിന്റെ വേരുഭാഗം 0.02% വീര്യമുള്ള ക്ലോർപൈറിഫോസ് ലായനിയിൽ 12 മണിക്കൂർ നേരത്തേക്ക് മുക്കിവച്ചതിനു ശേഷം നടുക. |
| ഇഞ്ചി | മൂടുചീയൽ | മഴപെയ്യുന്ന സാഹചര്യത്തിൽ ഇഞ്ചിയിൽ മൂടുചീയൽ രോഗം കാണുകയാണെങ്കിൽ, രോഗബാധിതമായ ചെടികൾ കിളച്ചുമാറ്റി 2 ഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ മണ്ണിൽ കലക്കി ഒഴിക്കുക. |
| വാഴ, പച്ചക്കറികൾ | ഇലത്തീനിപ്പുഴു | ഇലത്തീനിപ്പുഴുവിന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ പുഴുവിനോട് കൂടി തന്നെ നശിപ്പിച്ച് കളയുക. |
| മൃഗസംരക്ഷണം | കുരലെടുപ്പ്, കുളമ്പുരോഗങ്ങൾക്കു എതിരെയുള്ള പ്രതിരോധ കുത്തിവെപ്പ് എടുക്കുക. (CAADECCS, KVASU മണ്ണുത്തി) | |